പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1731

03.10.2011- ൽ മറുപടിക്ക്

# ഭവന നിർമ്മാണ ബോർഡിനുകീഴിലുള്ള ഹൗസിംഗ് പ്ലോട്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. യു. കുരുവിള:<br>,, മോൻസ് ജോസഫ്: | ശ്രീ. കെ. എം. മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടത്താതെ ഭവന നിർമ്മാണ ബോർഡിന്റെ ഹൗസിംഗ് പ്ലോട്ടുകൾ ഉണ്ടെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താതെ ഒഴിഞ്ഞു കിടക്കുന്ന ഭവന നിർമ്മാണ ബോർഡിന്റെ പ്ലോട്ടുകളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) എങ്കിൽ അത്തരം പ്ലോട്ടുകളിൽ ഫ്ളാറ്റുകൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ: വ്യക്തമാക്കാമോ; | (ബി) അത്തരം പ്ലോട്ടുകളിൽ അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സംയുക്ത സംരംഭ മാതൃകയിലുള്ള പദ്ധതികൾ, പാരസ്പര്യ പദ്ധതികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. |
| (സി) ഭവന നിർമ്മാണ ബോർഡ് പണി പൂർത്തീകരിച്ചിട്ടുള്ള ഏതെല്ലാം റവന്യൂ ടവറുകളിൽ എത്ര മുറികൾ ലേലത്തിൽ പോകാതെ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) പണി പൂർത്തീകരിച്ച റവന്യൂ ടവറുകളിൽ താഴെപ്പറയുന്ന ടവറുകളിലെ കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു:- |

| | | |
|---|---|---|
| 1 | അടൂർ | 10 |
| 2 | തിരുവല്ല | 4 |
| 3 | ചങ്ങനാശ്ശേരി | 14 |
| 4 | കോതമംഗലം | 3 |
| 5 | നെടുമങ്ങാട് | 24 |

| | |
|---|---|
| (ഡി) ഇത് ലേലത്തിൽ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) ഒഴിവുള്ള കടമുറികൾ വാടക വ്യവസ്ഥയിൽ നൽകുന്നതിന് ആഴ്ചയിലൊരുദിവസം ലേലം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ